**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **22-01-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗതകലകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ പരമ്പരാഗതകലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | (എ) | കേരളത്തിന്റെ തനത് കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്ലാസിക്കൽ, സമകാലീന, ഫോക് ലോർ വിഭാഗങ്ങളിൽപ്പെട്ട നാൽപ്പത്തിയഞ്ചോളം കലാരൂപങ്ങൾ പ്രചരിപ്പിക്കുക, പരിശീലിപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. കേരളത്തിന്റെ സമ്പന്നമായ കരകൗശല പാരമ്പര്യം നിലനിർത്തുക, ഈ രംഗത്തെ കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയും, നമ്മുടെ കലാ സാംസ്കാരിക മേഖലയ്ക്ക് പുത്തൻ ഉണർവ് പകരുന്നതാണ്. പാരമ്പര്യ വാസ്തുകലയും ചുമർചിത്രകലയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആറന്മുള വാസ്തുവിദ്യാ ഗുരുകുലം, ഈ മേഖലയിൽ കോഴ്സുകളും എക്സിബിഷനുകളും കൺസൽട്ടൻസി സേവനങ്ങളും നടത്തി വരുന്നു. പരമ്പരാഗതകലകളിൽ നല്ലൊരു വിഭാഗം ഫോക് ലോർ അക്കാദമിയിൽ ഉൾക്കൊള്ളുന്നു. തെയ്യം, പൂരക്കളി, പടയണി, മുടിയേറ്റ്, ചവിട്ടുനാടകം, മാർഗ്ഗംകളി, ഊരാളിക്കൂത്ത്, പൂതനും തിറയും, കാക്കാരശ്ശി നാടകം, കണ്യാർകളി തുടങ്ങിയ കലകൾ ഫോക് ലോർ അക്കാദമി പ്രോത്സാഹിപ്പിക്കുകയും പരിരക്ഷിക്കുകയും ആ മേഖലയിലെ കലാകാരന്മാരെ സംരക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഫോക് ലോർ അക്കാദമി നടത്തി വരുന്നു. ഇത്തരം കലകളെ |

| | | | |
|---|---|---|---|
| | | | ചെറുസംഘങ്ങളായി ബഹുജനങ്ങൾക്കിടയിൽ അവതരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ കലാരൂപങ്ങൾ ഘട്ടംഘട്ടമായി അവതരിപ്പിക്കാൻ സാഹചര്യം അക്കാദമി ഉണ്ടാക്കുന്നു. ഇത് ആ കലകളെ കുറിച്ച് ജനങ്ങൾക്ക് അറിവുണ്ടാക്കുവാനും ജനകീയോത്സവങ്ങളിലും ക്ഷേത്രോത്സവങ്ങളിലും എല്ലാം അതാത് സംഘങ്ങളിലെ കലാപരിപാടി അവതരിപ്പിക്കാനും പ്രേരണ നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കിർടാഡ്സ് പട്ടിക വിഭാഗക്കാരുടെ പരമ്പരാഗത കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ആദികലാകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ആദികലാകേന്ദ്രം പ്രവർത്തനങ്ങളുടെ ഭാഗമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ വകുപ്പ് നടത്തിവരുന്നു. "ഗദ്ദിക – ഉൽപ്പന്ന പ്രദർശന വിപണന മേളയുടേയും നാടൻ കലാമേള"യുടെയും ഭാഗമായി സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ/ജാതി ജനസമൂഹങ്ങളുടെ കലകളെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയ വിനിമയം നടത്തുന്നതിനുമായി പാരമ്പര്യ കലാരൂപങ്ങളുടെ അവതരണം കിർടാഡ്സ് സംഘടിപ്പിക്കാറുണ്ട്. |
| (ബി) | അവയുടെ വിശദാംശം അറിയിക്കുമോ? | (ബി) | കേരളത്തിന്റെ തനത് കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്ലാസിക്കൽ, സമകാലീന, ഫോക് ലോർ വിഭാഗങ്ങളിൽപ്പെട്ട നാൽപ്പത്തിയഞ്ചോളം കലാരൂപങ്ങൾ പ്രചരിപ്പിക്കുക, പരിശീലിപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. കേരളത്തിന്റെ സമ്പന്നമായ കരകൗശല പാരമ്പര്യം നിലനിർത്തുക, ഈ രംഗത്തെ കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം അഥവാ റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയും, നമ്മുടെ കലാ സാംസ്കാരിക മേഖലയ്ക്ക് പുത്തൻ ഉണർവ് പകരുന്നതാണ്. പാരമ്പര്യ വാസ്തുകലയും ചുമർചിത്രകലയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആറന്മുള വാസ്തുവിദ്യാ ഗുരുകുലം, ഈ മേഖലയിൽ കോഴ്സുകളും |

| | | | | |
|---|---|---|---|---|
| | | | | എക്സിബിഷനുകളും കൺസൽട്ടൻസി സേവനങ്ങളും നടത്തി വരുന്നു. പരമ്പരാഗതകലകളിൽ നല്ലൊരു വിഭാഗം ഫോക് ലോർ അക്കാദമിയിൽ ഉൾക്കൊള്ളുന്നു. തെയ്യം, പൂരക്കളി, പടയണി, മുടിയേറ്റ്, ചവിട്ടുനാടകം, മാർഗ്ഗംകളി, ഊരാളിക്കൂത്ത്, പൂതനും തിറയും, കാക്കാരശ്ശി നാടകം, കണ്യാർകളി തുടങ്ങിയ കലകൾ ഫോക് ലോർ അക്കാദമി പ്രോത്സാഹിപ്പിക്കുകയും പരിരക്ഷിക്കുകയും ആ മേഖലയിലെ കലാകാരന്മാരെ സംരക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഫോക് ലോർ അക്കാദമി നടത്തി വരുന്നു. ഇത്തരം കലകളെ ചെറുസംഘങ്ങളായി ബഹുജനങ്ങൾക്കിടയിൽ അവതരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ കലാരൂപങ്ങൾ ഘട്ടംഘട്ടമായി അവതരിപ്പിക്കാൻ സാഹചര്യം അക്കാദമി ഉണ്ടാക്കുന്നു. ഇത് ആ കലകളെ കുറിച്ച് ജനങ്ങൾക്ക് അറിവുണ്ടാക്കുവാനും ജനകീയോത്സവങ്ങളിലും ക്ഷേത്രോത്സവങ്ങളിലും എല്ലാം അതാത് സംഘങ്ങളിലെ കലാപരിപാടി അവതരിപ്പിക്കാനും പ്രേരണ നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കിർടാഡ്സ് പട്ടിക വിഭാഗക്കാരുടെ പരമ്പരാഗത കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ആദികലാകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ആദികലാകേന്ദ്രം പ്രവർത്തനങ്ങളുടെ ഭാഗമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ വകുപ്പ് നടത്തിവരുന്നു. "ഗദ്ദിക – ഉൽപ്പന്ന പ്രദർശന വിപണന മേളയുടേയും നാടൻ കലാമേള"യുടെയും ഭാഗമായി സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ/ജാതി ജനസമൂഹങ്ങളുടെ കലകളെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയ വിനിമയം നടത്തുന്നതിനുമായി പാരമ്പര്യ കലാരൂപങ്ങളുടെ അവതരണം കിർടാഡ്സ് സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ